മംഗളം

23 July 2018

## ● തീരദേശ വികസനം

# പരിസ്ഥിതി ആഘാതപഠനം വേണമെന്ന് ഡോ. ബാബു പോൾ

കൊച്ചി: തീരദേശ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ കടലിന്റെ ആവാസവ്യവസ്ഥയെ എങ്ങനെ ബാധിക്കുന്നുവെന്നതിനെ കുറിച്ച് പഠനം നടത്തണമെന്ന് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബു പോൾ. ഐ.സി.എ.ആറിന്റെ ദേശീയ പുരസ്കാരങ്ങൾ നേടിയ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) ഗവേഷകരെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിഴിഞ്ഞം തുറമുഖം ഒരു അടിയന്തര ആവശ്യമാണ്. എന്നാൽ ഇത്തരം വികസനപ്രവർത്തനങ്ങൾ സമുദ്രസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നുണ്ടോയെന്നു പഠിക്കാൻ പരിസ്ഥിതി ആഘാത പഠനത്തിനു സി.എം.എഫ്.ആർ.ഐ നേതൃത്വം നൽകണം. ആഴക്കടൽ മത്സ്യബന്ധനത്തിനു പോകുന്നവർക്ക് മീനുകൾ കേടുകൂടാതെ സൂക്ഷിക്കേണ്ടതുണ്ട്. ഇതിന് സുരക്ഷിതവും ശാസ്ത്രീയവുമായ പരിഹാരമാർഗങ്ങൾ കണ്ടെത്തണം. മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമാകുന്ന ഫോർമാലിൻ പോലുള്ള രാസപദാർഥങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിന് ഇതാണ് ശാശ്വത പരിഹാരം.




▪ ദേശീയ പുരസ്കാരങ്ങൾ നേടിയ സി.എം.എഫ്.ആർ.ഐയിലെ ഗവേഷകരെ ആദരിക്കുന്ന ചടങ്ങിൽ ഡോ. ഡി. ബാബു പോൾ സംസാരിക്കുന്നു.

മത്സ്യബന്ധന മേഖലയിൽ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകൾ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ദേശീയ പുരസ്കാരങ്ങൾ ലഭിച്ച ഡോ. കാജൽ ചക്രവർത്തി, ഡോ എൽദോ വർഗീസ്, ടെക്നിക്കൽ അസിസ്റ്റന്റ് അനുശ്രീ വി. നായർ, അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ ഓഫീസർ ഇ.കെ. ഉമ എന്നിവരെ ആദരിച്ചു. സി.എം.എഫ്. ആർ.ഐ. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്കു വേണ്ടി നടത്തിയ പ്രസംഗ മത്സരത്തിലെ ജേതാക്കൾക്ക് കാഷ് അവാർഡ് വിതരണം ചെയ്തു. സി.എം.എഫ്.ആർ.ഐ. മുൻ ഡയറക്ടർമാരായ ഡോ. മോഹൻ ജോസഫ് മോഡയിൽ, ഡോ. വി.എൻ. പിള്ള, ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ടി.വി സത്യാനന്ദൻ എന്നിവർ പ്രസംഗിച്ചു.